പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1269 — 11.02.2016 ൽ - മറുപടിക്ക്

## റേഷൻ കാർഡുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>,, എ.എം. ആരിഫ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ; നിയമാനുസരണം ഇത് എന്ന് വിതരണം ചെയ്യേണ്ടതായിരുന്നു ; | (എ) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31.03.2016-ന് അകം വിതരണം ചെയ്യുന്നതാണ്. ഇന്ന ദിവസം വിതരണം ചെയ്യണം എന്ന് പ്രത്യേക നിയമം ഒന്നും തന്നെയില്ല. എന്നാൽ ഗവൺമെന്റ് സയമ ബന്ധിതമായി ഇത് നൽകും. ഇപ്പോൾ നിലവിലുള്ള കാർഡിൽ എല്ലാ ആനുകൂല്യവും ഗുണഭോക്താവിന് ലഭിക്കും. പുതിയ താമസക്കാർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. |
| (ബി) ഉപഭോക്താക്കളെ ഏതെല്ലാം തരത്തിൽ വിഭജിച്ചാണ് കാർഡ് വിതരണം നടത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) ഉപഭോക്താക്കളെ പ്രയോറിറ്റി, നോൺ പ്രയോറിറ്റി എന്ന് വേർതിരിച്ചാണ് കാർഡ് വിതരണം നടത്തുന്നത്. |
| (സി) എന്തടിസ്ഥാനത്തിലാണ് ഈ വിഭജനം നടത്തുന്നത്; കേന്ദ്ര ബി.പി.എൽ. നിർണ്ണയ രീതി അംഗീകരിക്കുന്നുണ്ടോ; ഇത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് റേഷൻ സമ്പ്രദായത്തിൽ നിന്ന് എത്ര പേർ പുറത്താകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരമാണ് ഈ വിഭജനം നടത്തുന്നത്. 2009-ലെ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾ അടങ്ങിയ 14.01.11-ലെ സ.ഉ(കൈ)നം.16/2011/ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ(കൈ)നം.112/2012/ത.സ്വ.ഭ.വ. എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് മുൻഗണനാ റാങ്കിംഗ് നടത്തുന്നത്. ഇത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് റേഷൻ സമ്പ്രദായത്തിൽ നിന്ന് ആരും തന്നെ പുറത്താവുകയില്ല. |
| (ഡി) മുൻഗണനാ വിഭാഗത്തെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അതിനായി ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നു അറിയിക്കുമോ ? | (ഡി) മുൻഗണനാ വിഭാഗത്തെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിനെയാണ് പ്രസ്തുത ചുമതല ഏൽപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ